## ചോദ്യോത്തരം
**മുജീബ്**

# സച്ചാർ സമിതി എന്തിന്?

■ *കേരളത്തിലെ മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രയോജനകരമായ നിർദേശങ്ങൾ മൂന്നു മാസത്തിനകം സമർപ്പിക്കണമെന്ന വ്യവസ്ഥയോടെ ഇടതു സർക്കാർ ഒരു സമിതിയെ നിയോഗിച്ചിരിക്കുകയാണല്ലോ. യഥാർഥത്തിൽ 2005 മാർച്ചിൽ രൂപവത്കരിക്കപ്പെട്ട സച്ചാർ സമിതി, ഇന്ത്യയിലെ മുസ്‌ലിം സമുദായത്തിന്റെ സാമൂഹിക- സാമ്പത്തിക- വിദ്യാഭ്യാസ പിന്നാക്കാവസ്ഥയുടെ ആഴം വെളിപ്പെടുത്തുന്ന ഒരു റിപ്പോർട്ട് 2006 നവംബറിൽ സമർപ്പിക്കുകയുണ്ടായി. അതനുസരിച്ച് സച്ചാർ സമിതിയുടെ എല്ലാ ശിപാർശകളും നടപ്പാക്കാൻ ഇടതുപക്ഷ സംഘടനകൾ അടങ്ങുന്ന യു.പി.എ ഗവൺമെന്റ് തീരുമാനിക്കുകയും അതിനായി ഉന്നതതല മന്ത്രിസഭാ സമിതിയെ നിശ്ചയിക്കുകയും ചെയ്തു. ഇത്തരമൊരു സാഹചര്യത്തിൽ എന്തിനാണ് കേരളത്തിൽ ഒരു ഉപസമിതി വീണ്ടും ഒരു റിപ്പോർട്ട് സമർപ്പിക്കാനായി നിയോഗിക്കപ്പെട്ടത്? ക്രൈസ്തവ ന്യൂനപക്ഷങ്ങൾ അകന്ന സാഹചര്യത്തിൽ മറ്റു ന്യൂനപക്ഷങ്ങളെ ഇടതുപക്ഷവുമായി അടുപ്പിക്കാനുള്ള അവസരവാദ പരിചരണവും രാഷ്ട്രീയ കുതന്ത്രവുമായിട്ടല്ലേ ഇതിനെ കാണാനാവുക? കേരളത്തിലെ പ്രബലമായ സാമുദായിക രാഷ്ട്രീയ പാർട്ടിയെയും മറ്റു സംഘടനകളെയും ഉൾപ്പെടുത്താത്ത ഉപസമിതിയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തിയിരിക്കുന്നു. സച്ചാർ സമിതിയുടെ ശിപാർശകൾ നടപ്പിലാക്കാൻ, വിവിധ രാഷ്ട്രീയ-മത-സാംസ്കാരിക സംഘടനകൾ ഐക്യത്തോടെ സമയബന്ധിതമായി സമ്മർദം ചെലുത്തുന്നതിനു പകരം, സങ്കുചിത പാർട്ടി താൽപര്യങ്ങൾക്ക് കരുക്കൾ നീക്കുന്ന രാഷ്ട്രീയ കുതന്ത്രത്തിൽ ഇസ്‌ലാമിക പ്രസ്ഥാനവും ഉൾപ്പെട്ടുപോകുന്നത് ഖേദകരമല്ലേ?*

***വി. ഹശ്ഹാശ്, കണ്ണൂർ സിറ്റി***

**ജസ്റ്റിസ്** രജീന്ദർ സച്ചാർ കമ്മിറ്റി കഴിഞ്ഞ വർഷം നവംബറിൽ പ്രധാനമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കാൻ പ്രയോജനകരമായ ശിപാർശകളും നിർദേശങ്ങളും ഉണ്ട്. എന്നാൽ ഈ ശിപാർശകൾ നടപ്പാക്കണമെങ്കിൽ അതിന് കൃത്യവും വ്യക്തവുമായ രൂപരേഖ വേണം. അത് തയാറാക്കാൻ സൂക്ഷ്മവും കുറ്റമറ്റതുമായ പഠനങ്ങളും നടക്കണം. ഇപ്പണി ഒന്നാമതായി ചെയ്യേണ്ടത് വിവിധ കേന്ദ്ര മന്ത്രാലയങ്ങളാണ്. ഉദാഹരണമായി ഇന്ത്യൻ സൈന്യത്തിൽ മുസ്‌ലിം പ്രാതിനിധ്യം ഉറപ്പാക്കാൻ പ്രായോഗിക നടപടികളെടുക്കേണ്ടത് എ.കെ ആന്റണിയുടെ പ്രതിരോധ മന്ത്രാലയമാണ്. വിദ്യാഭ്യാസരംഗത്തെ മുസ്‌ലിം പതിതാവസ്ഥ പരിഹരിക്കാൻ വ്യക്തമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടത് അർജുൻ സിംഗിന്റെ എച്ച്.ആർ.ഡി. മന്ത്രാലയമാണ്. ഈ ദിശയിലൊന്നും ഫലപ്രദമായ കാൽവെപ്പുകൾ ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പാർലമെന്റിൽ ചർച്ചക്കുപോലും വന്നിട്ടില്ല.

സംസ്ഥാനങ്ങളും സമഗ്രമായ പാക്കേജ് തയാറാക്കി നടപടികളാരംഭിക്കണം. അതിന്റെ വിശദാംശങ്ങൾ സച്ചാർ കമ്മിറ്റി റിപ്പോർട്ടിലില്ല. കേരളത്തിൽ മുസ്‌ലിംകളുടെ സ്ഥിതി താരതമ്യേന ഭേദമാണെന്ന് റിപ്പോർട്ടിലുണ്ട്. അതിനാൽ മറ്റു സംസ്ഥാനങ്ങൾക്കായി നിർദേശിച്ച പദ്ധതികൾ അതേപടി കേരളത്തിൽ പകർത്താനാവില്ല. ഇവിടത്തെ പ്രത്യേക സാഹചര്യത്തിൽ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാനുതകുന്ന പരിപാടികൾ ആവിഷ്കരിക്കുകയാണ് 11 അംഗ സച്ചാർ സമിതിയുടെ നിയോഗം. ഈ സമിതി രൂപവത്കരിച്ചതിൽ എൽ.ഡി.എഫിനും സി.പി.എമ്മിനും രാഷ്ട്രീയ ലക്ഷ്യങ്ങളും താൽപര്യങ്ങളും ഉണ്ടാവാം. യു.ഡി.എഫിനും മുസ്‌ലിം ലീഗിനുമുണ്ടല്ലോ അതുപോലുള്ള താൽപര്യങ്ങൾ. നരേന്ദ്രൻ കമീഷൻ ചൂണ്ടിക്കാട്ടിയ 18000 തസ്തികകളുടെ ബാക്ക്‌ലോഗ് നികത്താൻ കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ഒന്നും ചെയ്യാതിരുന്നതിന്റെ പിന്നിൽ എൻ.എസ്.എസ്, എസ്.എൻ.ഡി.പി, കത്തോലിക്കാ സഭ എന്നീ സംഘടനകളോടുള്ള പ്രീണന നയമായിരുന്നു. അത് രാഷ്ട്രീയമല്ലേ? രണ്ട് സുന്നീ സംഘടനകളിൽ ഒന്നിനെ മുസ്‌ലിം ലീഗ് കൂട്ടുപിടിക്കുകയും മറ്റേതിനെ തഴയുകയും ചെയ്തതിലും രാഷ്ട്രീയം ഉണ്ടായിരുന്നു. അതാണല്ലോ തഴയപ്പെട്ട വിഭാഗത്തെ തങ്ങളോടൊപ്പം നിർത്തി രാഷ്ട്രീയം കളിക്കാൻ സി.പി. എമ്മിന് അവസരമൊരുക്കിയത്. ചോദ്യകർത്താവ് സൂചിപ്പിച്ച സാമുദായിക ഐക്യത്തിന്റെ ഏറ്റവും നല്ല മാധ്യമമായിരുന്നു മുസ്‌ലിം സൗഹൃദവേദി. പക്ഷേ സമസ്തയുടെ രണ്ട് വിഭാഗങ്ങളും വേദിയെ ബഹിഷ്കരിച്ചതോടെ അത് നിഷ്ക്രിയമായി. ഒരു പുനരുജ്ജീവനത്തിന് ഇരു വിഭാഗങ്ങളും സഹകരിക്കുന്നില്ല. മുസ്‌ലിം ലീഗിന് താൽപര്യമുണ്ടെങ്കിലും സുന്നി ഇ.കെ വിഭാഗം പോലും നിഷേധാത്മക നയം തുടരുന്നു. പിന്നെയെങ്ങനെ മുഴുവൻ സംഘടനകളും ഒരുമിച്ചിരുന്ന് സച്ചാർ കമ്മിറ്റി ശിപാർശകൾ നടപ്പാക്കാൻ നിർദേശങ്ങൾ സമർപ്പിക്കും? ജമാഅത്തെ ഇസ്‌ലാമി മാത്രം വിചാരിച്ചാൽ ഏതായാലും ഒരേകോപനം സാധ്യമല്ല. അതേസമയം, സമുദായസേവനത്തിന് ലഭിക്കുന്ന ഏതവസരം ആര് ഒരുക്കിയാലും സ്വന്തം തത്ത്വങ്ങളിൽ നിന്ന് അതിനോട് സഹകരിക്കുകയാണ് പ്രസ്ഥാനത്തിന്റെ നയം. ഒരു പ്രത്യേക പാർട്ടിയോ മുന്നണിയോ വിഭാഗമോ ക്ഷണിച്ചാലേ സഹകരിക്കൂ എന്നോ മറ്റാര് ആവശ്യപ്പെട്ടാലും സഹകരിച്ചുകൂടെന്നോ ഉള്ള ഒരു ശാഠ്യവും ജമാഅത്തിനില്ല. സച്ചാർ സമിതിയിലെ പ്രാതിനിധ്യം, തൽപരരായ എല്ലാവരുമായും ബന്ധപ്പെട്ട് ക്രിയാത്മക നിർദേശങ്ങൾ സ്വരൂപിക്കാനും സമർപ്പിക്കാനുമുള്ള അവസരമായാണ് കാണുന്നത്. എല്ലാ സംഘടനകളുടെയും പ്രാതിനിധ്യം ഉറപ്പു വരുത്തുന്നത് നല്ല കാര്യമാണെങ്കിലും അത് മാത്രമാണ് കമ്മിറ്റി പ്ര

വർത്തനക്ഷമമാവാനുള്ള വഴി എന്ന് കരുതേണ്ടതില്ല. കമ്മിറ്റിയുടെ പുറത്തുള്ളവർക്കും, സമുദായസ്നേഹമാണ് പ്രചോദനമെങ്കിൽ അഭിപ്രായങ്ങളും നിർദേശങ്ങളും ബന്ധപ്പെട്ടവരെ അറിയിക്കാവുന്നതേയുള്ളൂ. എറണാകുളത്ത് ഡോ. കെ.കെ ഉസ്മാന്റെ ആഭിമുഖ്യത്തിലുള്ള സമുദായ സ്നേഹികളുടെ കൂട്ടായ്മ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയാതിപ്രസരം എന്തിനെയും തുമ്പില്ലാതാക്കും. പക്ഷേ രാഷ്ട്രീയമുക്തമായ ഒരു നീക്കവും നിലവിലെ പാർട്ടികളിൽനിന്നോ സർക്കാറുകളിൽനിന്നോ പ്രതീക്ഷിക്കുന്നത് വെറുതെയാണ്.

## ഇസ്‌ലാം ബദൽ വ്യവസ്ഥയല്ല?

■ *"....... സയ്യിദ് മൗദൂദിക്കും ജമാഅത്തുകാർക്കും പറ്റിയ ഏറ്റവും വലിയ തെറ്റ് ഇസ്‌ലാമിനെ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങൾക്ക് ബദലായി അവതരിപ്പിക്കാൻ നടത്തിയ ശ്രമമാണ്. ഇസ്‌ലാം ബദലോ ഡ്യൂപ്ലിക്കേറ്റോ ആകാൻ വിധിക്കപ്പെട്ട ഒരു സിദ്ധാന്തമല്ല. പ്രപഞ്ചത്തിലെ ഏറ്റവും മൗലികത്വമുള്ള സാക്ഷാൽ ഒർജിനലായ ആദർശമാണ് ഇസ്‌ലാം. ഇസ്‌ലാമല്ലാത്ത ഏത് ദർശനത്തിന്റെയും പാപ്പരത്തം ഏറ്റവും വലിയ പ്രാപഞ്ചിക സത്യമായ, യഥാർഥ ഏകദൈവവിശ്വാസം അത് ഉൾക്കൊള്ളുന്നില്ല എന്നതും മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമായ അനശ്വരമായ പരലോകത്തെ അത് വിസ്മരിക്കുന്നു എന്നതുമാണ്. രാഷ്ട്രീയ പുരോഗതിക്കും വികാസത്തിനും ഇസ്‌ലാമല്ലാത്ത പ്രത്യയശാസ്ത്രങ്ങൾ ഉപകരിക്കുമോ ഇല്ലേ എന്ന ചർച്ച ഇസ്‌ലാമിനെ ബദലാക്കുന്നവർക്ക് 'ഇമ്മിണി ബല്യ' കാര്യമായിരിക്കുമെങ്കിലും മോചനത്തിന്റെയും മോക്ഷത്തിന്റെയും മാനങ്ങളെ അനശ്വരതയിലേക്ക് വികസിപ്പിക്കുന്ന ഒർജിനൽ ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം അത് മുഖ്യവിഷയമല്ല. ഇത് മനസ്സിലാക്കാൻ ജമാഅത്തുകാരുടെ ബുദ്ധി ലംബമായും തിരശ്ചീനമായും കുറേകൂടി വികസിക്കേണ്ടതുണ്ടെന്ന് പറയുമ്പോൾ വിരോധം തോന്നരുത്"*

*(ശബാബ് വാരികയിലെ– 2007 ഒക്ടോബർ 26– മുഖാമുഖത്തിൽ വന്ന ഒരു ചോദ്യത്തിനുള്ള മറുപടിയിൽനിന്ന്).*

*മുജീബിന്റെ പ്രതികരണം?*

***എം.വി ജലീൽ ഒതളൂർ***

**ഒ**രു വിരോധവും തോന്നുന്നില്ല. എന്നാൽ സഹതാപം തീർച്ചയായും തോന്നുന്നുണ്ട്. കണ്ടാലറിയാത്തവൻ കൊണ്ടാലറിയും എന്ന പഴമൊഴിയെപോലും നിരർഥകമാക്കിക്കൊണ്ട്, കൊണ്ടാലും അറിയാത്തവരുടെ വെളിപാടുകൾ സഹതാപമല്ലാതെ മറ്റെന്താണ് അർഹിക്കുന്നത്? ആധുനിക മനുഷ്യ നിർമിത ഭൗതിക ദർശനങ്ങളായ ക്യാപിറ്റലിസവും മാർക്സിസവും ഫാഷിസവും എല്ലാം ചേർന്ന് മാനവസമൂഹത്തെയാകെ പങ്കുവെച്ചെടുത്തിരിക്കുകയാണ്. ഏകദൈവത്തിലും പരലോകത്തിലും വിശ്വസിക്കുന്ന മുസ്‌ലിംകളാണ് ഈ പ്രത്യയശാസ്ത്രാധിനിവേശത്തിന്റെ ഏറ്റവും നിസ്സഹായരായ ഇരകൾ. അനിസ്‌ലാമിക പ്രത്യയശാസ്ത്രങ്ങളുടെയും അവയാൽ നയിക്കപ്പെടുന്ന ശക്തികളുടെയും ഉപജാപങ്ങളും ഇടപെടലും മൂലം അഫ്ഗാനിസ്താനിലും പാകിസ്താനിലും ഇറാഖിലും ലബനാനിലും സുഡാനിലും ഫലസ്ത്വീനിലുമൊക്കെ വിശ്വാസികൾ തമ്മിൽതല്ലി നശിക്കുകയാണ്. മറ്റിടങ്ങളിലെ മുസ്‌ലിംകളെയും ഭിന്നിപ്പിക്കുകയും പരസ്പരം വാളോങ്ങി നിർത്തുകയും ചെയ്യുന്നതിൽ ഭൗതികവാദികൾക്കുള്ള പങ്ക് ആർക്ക് നിഷേധിക്കാനാവും? ഇങ്ങേയറ്റത്ത് നമ്മുടെ കേരളത്തിൽ ലളിതമായ ഒരു ഹജ്ജ് കമ്മിറ്റിയുടെ പേരിൽ പോലും പ്രബല മത സംഘടനകൾ ആരുടെ ചട്ടുകങ്ങളായാണ് വർത്തിക്കുന്നതെന്ന് മുജാഹിദ് സുഹൃത്തുക്കൾ കാണുന്നില്ലേന്നോ?

എന്തുകൊണ്ടിങ്ങനെ സംഭവിച്ചു എന്ന ചോദ്യം പ്രസക്തമാണ്. 'അല്ലാഹുവിനെ റബ്ബായും റസൂലിനെ ദൂതരായും ഇസ്‌ലാമിനെ ദീനായും തൃപ്തിയടഞ്ഞ വിശ്വാസികൾ സ്വകാര്യ ജീവിതത്തിൽ ഒരു ദീൻ, സാമ്പത്തികരംഗത്ത് മറ്റൊരു ദീൻ, രാഷ്ട്രീയ ജീവിതത്തിൽ മൂന്നാമതൊരു ദീൻ എന്നൊക്കെ സ്വീകരിക്കാൻ തയാറായതും ഈ വഴികേടിന് മതപണ്ഡിതന്മാർ കൂട്ടുനിന്നതുമാണ് ശൈഥില്യത്തിനും അനൈക്യത്തിനും അധഃപതനത്തിനും ആക്കം കൂട്ടിയത്. മറിച്ച് സമസ്ത ജീവിതതുറകളിലും സ്വീകാര്യമായ ജീവിതപദ്ധതി ദൈവിക സന്മാർഗമായ ഇസ്‌ലാം മാത്രമാണെന്ന പരമസത്യം മുസ്‌ലിം സമൂഹം പ്രയോഗതലത്തിൽ അംഗീകരിച്ചിരുന്നെങ്കിൽ അവർക്കീ ഗതി വരുമായിരുന്നില്ല. സാമ്രാജ്യത്വവാദികളും മതവിരുദ്ധരും ഫാഷിസ്റ്റുകളും അവരുടെ തല കൊണ്ട് അമ്മാനമാടുമായിരുന്നില്ല. അതിലുപരി, മനുഷ്യസമൂഹമാകെത്തന്നെ മൂല്യനിരാസത്തിന്റെ പടുകുഴിയിൽ വീണ് മഹാദുരന്തങ്ങൾ ഏറ്റുവാങ്ങുകയാണ്. അതിനവരെ നിർബന്ധിക്കുന്നത് മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളും. മോചനത്തിന് അല്ലാഹുവിന്റെ ദീനല്ലാതെ മറ്റെന്താണ് വഴി?' ഈ സത്യം തുറന്നു പറയുന്നതുകൊണ്ടാണോ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ബുദ്ധി വികസിക്കാത്തത്? വിശാലമായ ജീവിതമണ്ഡലങ്ങളാകെ അവഗണിച്ച് ഇസ്‌ലാമിക പ്രസ്ഥാനവും ജിന്നും സിഹ്റും തറാവീഹ് റക്അത്തുകളും മാസപ്പിറവിയും പറഞ്ഞ് തർക്കിച്ചിരുന്നാൽ ബുദ്ധി ലംബമായും തിരശ്ചീനമായും വികസിക്കുമായിരുന്നു എന്നാണെങ്കിൽ അതിലേറെ അഭികാമ്യം നിലവിലെ മന്ദബുദ്ധിയാണെന്ന് തുറന്നു സമ്മതിക്കുന്നു. ഏകദൈവവിശ്വാസവും മരണാനന്തര ജീവിതവിശ്വാസവും തന്നെയാണ് രക്ഷാമാർഗം. മൗലികമായ ഈ വിശ്വാസം പക്ഷേ സങ്കുചിതമായ വരട്ടുതത്ത്വവാദമല്ല, ജീവിതത്തെയാകെ നിയന്ത്രിക്കാൻ ശക്തമായ സമഗ്ര ദർശനമാണ്. ഈ സത്യം മനസ്സിലാക്കുന്നതിലാണ് നമ്മുടെ മുജാഹിദ് സുഹൃത്തുക്കൾ പരാജയപ്പെട്ടിരിക്കുന്നത്. ആ സങ്കുചിതത്വത്തിന് അവർ നൽകേണ്ടിവന്ന കനത്ത വിലയാണ് സംഘടനയിലെ നിർഭാഗ്യകരമായ പിളർപ്പുപോലും. അല്ലെങ്കിൽ മരം നടുന്നത് തൗഹീദാണോ എന്ന് തർക്കിക്കേണ്ടിവരുമായിരുന്നില്ലല്ലോ.

## ഭീരുത്വത്തിന്റെ രോദനം

■ *"....... വിവാഹവും മരണവുമാണ് മതമേധാവികൾ പലപ്പോഴും ആയുധമാക്കുന്നത്. മതകേന്ദ്രങ്ങളെ ആശ്രയിക്കാതെ വിവാഹവും ശവസംസ്കാരവും നടത്താനുള്ള സൗകര്യം സംസ്ഥാനത്ത് വ്യാപകമായി സൃഷ്ടിക്കപ്പെടണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പൊതുവിവാഹവേദികളും പൊതുശ്മശാനങ്ങളും സ്ഥാപിക്കാവുന്നതേയുള്ളൂ. മതകേന്ദ്രങ്ങളോട് അനുബന്ധിച്ചുള്ള ശ്മശാനങ്ങളും വിവാഹസൗകര്യങ്ങളും നിലനിർത്തിക്കൊണ്ടാവണം തുടക്കത്തിൽ പൊതുശ്മശാനങ്ങളും പൊതുവിവാഹവേദികളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. എന്നാൽ ക്രമേണ മതകേന്ദ്രങ്ങളുടെ ശ്മശാനങ്ങളും വിവാഹവേദികളും അപ്രസക്തമാവുംവിധം അത്തരം സൗകര്യങ്ങളുടെ വിപുലീകരണം നടക്കണം."*

*('മാർക്സിസവും സംഘടിത മതങ്ങളും' ഹമീദ് ചേന്ദമംഗല്ലൂർ, മലയാളം വാരിക, 2007 നവംബർ 2).*

*'വിപ്ലവകരമായ' ഈ നിർദേശത്തോട് മുജീബ് എങ്ങനെ പ്രതികരിക്കുന്നു?*

***സുഹൈൽ ആലപ്പുഴ***

**സ്വ**ന്തം നിലപാടിൽ ആർജവവും ആദർശത്തിൽ അടിയുറപ്പുമുള്ള നാസ്തികർക്കോ മതനിഷേധികൾക്കോ ഇത്തരമൊരു പ്രതിസന്ധിയും ഇല്ല. യുക്തിവാദി ദാർശനികരായിരുന്ന എം.സി ജോസഫും എ.ടി കോവൂരും അവരുടെ ശവങ്ങൾ മെഡിക്കൽ വിദ്യാർഥികൾക്കായി ഒസ്യത്ത് ചെയ്തു. ഒരു പ്രതിസന്ധിയും ഉണ്ടായില്ല. ആർക്കു വേണമെങ്കിലും ശവദാഹത്തിന് സൗകര്യമുള്ള പൊതുശ്മശാനങ്ങളും രാജ്യത്ത് ധാരാളം. അതൊന്നുമില്ലെങ്കിൽ സ്വന്തം പുരയിടത്തിൽ ശവ

ക്കുഴി തീർക്കാൻ ആരോടും ചോദിക്കേണ്ടല്ലോ. പക്ഷേ ഉള്ളിലിരിപ്പ് തുറന്നു പറയാനോ മരണപത്രത്തിൽ എഴുതിവെക്കാനോ ധൈര്യമില്ലാത്തവർ മതകേന്ദ്രങ്ങളെ ശപിച്ച് സായൂജ്യമടയുന്നു. ഇ.എം.എസ് എഴുതിയപോലെ ഇഷ്ടമുള്ള സ്ത്രീപുരുഷന്മാർക്ക് ഇഷ്ടമുള്ള കാലത്തോളം ഒരുമിച്ചു ജീവിക്കാനും ഇഷ്ടമില്ലാത്തപ്പോൾ വേർപിരിയാനുമുള്ള സ്വാതന്ത്ര്യവും രാജ്യത്ത് നിലനിൽക്കുന്നു. സ്പെഷ്യൽ മാര്യേജ് ആക്ടും അത്തരക്കാരുടെ രക്ഷക്കെത്തുന്നു. മിശ്രവിവാഹിതർക്കാകട്ടെ ധനസഹായം പോലും ഉണ്ട്. എന്നിട്ടും മക്കൾക്ക് സ്വന്തം സമുദായക്കാരെത്തന്നെ തെരഞ്ഞുപിടിക്കേണ്ടിവരുന്ന മതനിരാസികളുടെ ദുർഗതിക്ക് വിശ്വാസികളെ പഴിച്ചിട്ട് കാര്യമില്ല. ഭീരുക്കളെ സഹായിക്കാമെന്ന് അവർ ഏറ്റിട്ടില്ല.

## വധശിക്ഷ ക്രൂരവും അനാവശ്യവും?

■ വചനോത്സവം *മാസികയുടെ 2007 നവംബർ ലക്കത്തിൽ 33-ാം പേജിൽ വന്ന വാർത്തയാണ് ഈ ചോദ്യത്തിനാധാരം. വധശിക്ഷയുടെ ഗുണദോഷങ്ങളെ ആഴത്തിൽ വിശകലനം ചെയ്ത് വത്തിക്കാൻ സുവിശേഷവത്കരണ കാര്യാലയത്തിന്റെ വാർത്താ ഏജൻസിയായ ഫിദെസ് ഒരു റിപ്പോർട്ട് പുറപ്പെടുവിച്ചു. വധശിക്ഷ ക്രൂരവും അനാവശ്യവുമാണെന്ന് റിപ്പോർട്ട് സമർഥിക്കുന്നു. ഫിദെസിന്റെ റിപ്പോർട്ടനുസരിച്ച് ക്രിസ്തുമതം കാരുണ്യത്തെയല്ലേ സൂചിപ്പിക്കുന്നത്? ഇസ്‌ലാംമതം കാരുണ്യത്തിന്റെയും ധർമത്തിന്റെയും മതമായിരിക്കെ വധശിക്ഷ പ്രോത്സാഹിപ്പിക്കുന്നതെന്തുകൊണ്ട്?*

***അത്രു, എളനാട്, തൃശൂർ***

**വ**ധശിക്ഷ നിശ്ചയമായും ക്രൂരമാണ്. എന്നാൽ എല്ലായ്പ്പോഴും അനാവശ്യമല്ല. മനുഷ്യജീവന് വിലയോ മനുഷ്യരോട് കാരുണ്യമോ ഇല്ലാത്ത കൊടുംക്രൂരന്മാരിൽനിന്ന് സമൂഹത്തെ രക്ഷിക്കാനും ആ മനസ്സുള്ളവരെ പാഠം പഠിപ്പിക്കാനും വധശിക്ഷയല്ലെങ്കിൽ മറ്റെന്താണ് വഴി? വധശിക്ഷ എടുത്തുകളഞ്ഞ രാജ്യങ്ങൾതന്നെ ശത്രുക്കളെന്ന് തങ്ങൾ കരുതുന്നവരെ ഉന്മൂലനം ചെയ്യുമ്പോൾ കാരുണ്യ വിചാരം എവിടെപ്പോവുന്നു? ഇസ്‌ലാം വധശിക്ഷയെ പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ മറ്റു മാർഗങ്ങളില്ലാത്ത സംഭവങ്ങളിൽ എതിർക്കുന്നുമില്ല. വധശിക്ഷ വേണ്ടിവരാത്ത ഒരു സമൂഹസൃഷ്ടിയാണ് ഇസ്‌ലാം ലക്ഷ്യമിടുന്നത്. പ്രവാചകന്റെയും ഖലീഫമാരുടെയും ഭരണകാലത്ത് വിരലിലെണ്ണാവുന്നവർക്കേ മരണശിക്ഷ അനുഭവിക്കേണ്ടിവന്നുള്ളൂ. കുറ്റം തെളിഞ്ഞ ഘാതകർക്കു പോലും കൊല്ലപ്പെട്ടവന്റെ അനന്തരാവകാശികൾ കനിഞ്ഞാൽ ജീവൻ രക്ഷിക്കാമെന്നത് ഇസ്‌ലാമിക ശരീഅത്തിന്റെ മാത്രം സവിശേഷതയാണ്. ■